(സി) വിവിധ ജില്ലകളിലായി 9 പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കോഴിക്കോട് ജില്ലയിലെ വെള്ളയിൽ, മലപ്പുറം ജില്ലയിലെ താനൂർ, പരപ്പനങ്ങാടി, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, തിരുവനന്തപുരം ജില്ലയിലെ ചിലക്കൂർ(വർക്കല), വലിയതുറ എന്നിവിടങ്ങളിലാണ് മത്സ്യബന്ധന തുറമുഖങ്ങൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്.

നിയമസാധുതയില്ലാത്ത വിവാഹക്കരാറുകളുടെ രജിസ്ട്രേഷൻ

244(സ്ത) **ശ്രീ എം ഉമ്മർ**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രജിസ്ട്രാർ ഓഫീസുകളിൽ നടക്കുന്ന നിയമസാധുതയില്ലാത്ത വിവാഹക്കരാറുകളുടെ രജിസ്ട്രേഷൻ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ തടയാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ഇതുസംബന്ധിച്ച ഹൈക്കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ ചട്ടങ്ങളിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കരാർ വിവാഹ രജിസ്ട്രേഷൻ നിയമംമൂലം തടയുന്നതിനായി രജിസ്ട്രേഷൻ ചട്ടങ്ങളിലെ 67, 171 ചട്ടങ്ങളിൽ 21-10-2009-ലെ ആർ.ആർ. 3-14989/08 നമ്പർ ഗസറ്റ് വിജ്ഞാപനത്തിലൂടെ ഭേദഗതി വരുത്തിയിട്ടുണ്ട്. (പകർപ്പ് ഉൾക്കൊള്ളിക്കുന്നു.)*

(ബി) ഉണ്ട്.

(സി) കരാർ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നത് നിയമംമൂലം തടയുന്നതിനായി 21-10-2009 ലെ ആർ.ആർ3/14989/2008 നമ്പരായി ഗസറ്റ് വിജ്ഞാപനത്തിലൂടെ രജിസ്ട്രേഷൻ ചട്ടത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

ഭൂമിയുടെ ന്യായവില

245(537) **ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ രജിസ്ട്രേഷൻ സംബന്ധമായ ആവശ്യത്തിന് ന്യായവില നിശ്ചയിച്ച് പ്രസിദ്ധപ്പെടുത്തിയത് എന്നാണ്;

(ബി) ഇത് സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(സി) ന്യായവില നിശ്ചയിക്കുന്നതിന് മുമ്പ് രജിസ്റ്റർ ചെയ്ത ആധാരങ്ങളിൽ അണ്ടർ വാല്യുവേഷൻ സംബന്ധിച്ച എത്ര കേസ്സുകളിൽ കക്ഷികൾക്ക് നോട്ടീസ് അയച്ചുവെന്നും ഇതിൽ എത്ര പരാതികളിൽ തീർപ്പ് കൽപ്പിച്ചുവെന്നും വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം അണ്ടർ വാല്യുവേഷൻ കേസ്സുകൾക്ക് ഓരോ പ്രദേശത്തെയും ഭൂമിയുടെ വില നിശ്ചയിച്ചത് എന്ത് മാനദണ്ഡം ഉപയോഗിച്ചാണ്;

(ഇ) ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിന് മുമ്പത്തെ കേസ്സുകളിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ രജിസ്ട്രേഷൻ വകുപ്പിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇത്തരം നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷനുകളിലെയും ഭൂമിയുടെ ഫെയർവാല്യൂ ബന്ധപ്പെട്ട ആർ.ഡി.ഒ.-മാർ നിർണ്ണയിക്കുകയും ആയത് 6-3-2010 തീയതിയിലെ 515-ാം നമ്പർ അസാധാരണ ഗസറ്റ് പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഫെയർ വാല്യൂ സംബന്ധിച്ച അപ്പീലുകളിന്മേൽ തീർപ്പ് കൽപ്പിക്കുന്നതിനുള്ള അധികാരം ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്കാണ്. 25-10-2010-ലെ 18971/LegA2/2010/Law നമ്പർ വിജ്ഞാപനം പ്രകാരം കേരള മുദ്രപത്ര നിയമത്തിൽ വരുത്തിയ ഭേദഗതി അനുസരിച്ച്, ന്യായവില സംബന്ധിച്ച് അപ്പീലുകൾ സമർപ്പിക്കുന്നതിനുള്ള കാലപരിധി 3 മാസത്തിൽനിന്ന് ഒരു വർഷത്തേക്ക് നീട്ടിയിട്ടുണ്ട്.

അപ്പീൽ സമർപ്പിക്കാൻ കഴിയാതിരുന്ന ആളുകൾക്ക് അപ്പീൽ സമർപ്പിക്കുന്നതിന് ഇതിലൂടെ വീണ്ടും അവസരം ലഭിച്ചിട്ടുണ്ട്. അപ്പീൽ കാലാവധിയായ ഒരു വർഷം കഴിഞ്ഞാലും ജില്ലാ കളക്ടർക്ക് കാലതാമസത്തിനുള്ള കാരണം ന്യായമാണെന്ന് ബോദ്ധ്യപ്പെടുന്ന കേസ്സുകളിൽ അപ്പീൽ സ്വീകരിക്കാവുന്നതാണ് അപ്പീലിനോടൊപ്പം 25 രൂപയുടെ കോർട്ടുഫീസ് സ്റ്റാമ്പ് പതിയ്ക്കണമെന്ന വ്യവസ്ഥയും ഒഴിവാക്കിയിട്ടുണ്ട്. അപ്പീൽ നൽകുന്നതിനുള്ള 'ബി' ഫോറം സബ്രജിസ്ട്രാർ ഓഫീസ്, വില്ലേജ് ഓഫീസ്, ജില്ലാ രജിസ്ട്രാർ ഓഫീസ്, കളക്ടറേറ്റ് എന്നീ ഓഫീസുകളിലൂടെ ജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. ന്യായവില വിജ്ഞാപനത്തിൽ വില നിശ്ചയിക്കാൻ വിട്ടുപോയിട്ടുള്ള സ്ഥലങ്ങളുടെ കാര്യത്തിൽ ന്യായവില നിശ്ചയിക്കുന്നതുവരെ ന്യായവില നോക്കാതെ ആധാരത്തിൽ കാണിച്ചിട്ടുള്ള വിലയുടെ അടിസ്ഥാനത്തിൽ തന്നെ സ്റ്റാമ്പ് ഡ്യൂട്ടി നൽകി രജിസ്ട്രേഷൻ നടത്താൻ പ്രത്യേകം അനുമതി നൽകിയിട്ടുണ്ട്. റവന്യൂ, രജിസ്ട്രേഷൻ ധന വകുപ്പ് മന്ത്രിമാർ പങ്കെടുത്ത രണ്ട് അവലോകനയോഗങ്ങൾ 7-4-2010-നും 26-5-2010-നും ഇക്കാര്യത്തിൽ ചേരുകയുണ്ടായി. പ്രസ്തുത യോഗങ്ങളിലുടെ നൽകപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളുടെ കൂടി അടിസ്ഥാനത്തിൽ അപ്പീലുകൾ ജില്ലാ കളക്ടർമാർ തീർപ്പാക്കിക്കൊണ്ടിരിക്കുകയാണ്. കേരള മുദ്രപത്ര നിയമം 28 എ(4) വകുപ്പ് കേരള മുദ്രപത്ര (ന്യായവില നിർണ്ണയം) ചട്ടങ്ങളിലെ ചട്ടം 6 എന്നിവയുടെ അടിസ്ഥാനത്തിലാണ് അപ്പീലുകൾ തീർപ്പാക്കുന്നത്.

(സി) 27-3-2009-ലെ ജി.ഒ(പി)നമ്പർ 57/2009/റ്റിഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി. 1986 മുതൽ 31-3-2009 വരെ കുടിശ്ശികയായിട്ടുള്ള 15, 54, 264 അണ്ടർ വാല്യുവേഷൻ കേസുകൾക്ക് നോട്ടീസയയ്ക്കുകയും അതിൽ 10-12-2010 തീയതി വരെ 2,82,615 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള മുദ്രപത്രം (കരണങ്ങളിൽ വിലകുറച്ച് കാണിക്കുന്നതു തടയൽ) ചട്ടങ്ങളിലെ 5-ാം ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ചാണ് അണ്ടർ വാല്യൂവേഷൻ കേസ്സുകളിൽ വില നിശ്ചയിച്ചിട്ടുള്ളത്.

(ഇ) 1959-ലെ കേരള മുദ്രപത്ര നിയമം 46-ാം വകുപ്പനുസരിച്ച് അണ്ടർ വാലുവേഷൻ കേസുകളിൽ അന്തിമ ഉത്തരവായിട്ടുള്ള കേസുകളിൽ തുക ഒടുക്കാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് റഫർ ചെയ്യാവുന്നതാണ്. എന്നാൽ 31-3-2010 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം പണം അടയ്ക്കാൻ പദ്ധതിയിൽ സമയം അനുവദിച്ചിട്ടുണ്ട്. അതുകൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിക്കു കീഴിൽ വരുന്ന ആധാരങ്ങളുടെ കാര്യത്തിൽ 2011 മാർച്ച് 31-നു ശേഷം മാത്രമേ റവന്യൂ റിക്കവറി നടപടികളെടുക്കാൻ കഴിയുകയുള്ളൂ.

ഭൂമിയുടെ ന്യായവില

246(538) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. എച്ച്. കുഞ്ഞമ്പു :
ശ്രീ. എം. എം. മോനായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) ന്യായവില നിർണ്ണയവുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(സി) ന്യായവില നിർണ്ണയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) സംസ്ഥാനത്ത് സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ ഇനിയും കുറയ്ക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഇ) ഭൂമി വിലകുറച്ച് കാണിച്ച കേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം എത്ര കേസുകൾ തീർപ്പാക്കി ; പിഴ ഇനത്തിൽ എന്തു തുക സർക്കാരിനു ലഭിച്ചു;

(എഫ്) ഒറ്റത്തവണ തീർപ്പാക്കലിന്റെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷനുകളിലെയും ഭൂമിയുടെ ഫെയർ വാല്യൂ, ബന്ധപ്പെട്ട ആർ.ഡി.ഒ-മാർ നിർണ്ണയിക്കുകയും ആയത് 6-3-2010 തീയതിയിലെ 515-ാം നമ്പർ ഗസറ്റ് പ്രകാരം വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly